LIBRARY ARCHIVES Kerala Legislative Assembly

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയതെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി 1,64,219 ലക്ഷം രൂപയാണ് വകയിരുത്തിയത്. ടി സാമ്പത്തിക വർഷം 1,55,350.78 ലക്ഷം രൂപ ചെലവഴിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടുത്തി ബഡ്ജറ്റ് വിഹിതമായി 635.43 കോടി രൂപ അനുവദിച്ചതിൽ 595.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (93.65%)

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപദ്ധതി

95(2131) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനായി ഇത്തരം പദ്ധതികൾ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിന് മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ സംസ്ഥാന വിഹിതത്തിന്റെ 24 ശതമാനത്തോളം തുക നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 5 വർഷത്തെ ശരാശരി പദ്ധതിച്ചെലവ് കണക്കാക്കുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിന് 86 ശതമാനവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 75 ശതമാനവും തുക ചെലവഴിക്കാൻ സാധിച്ചു.

## പട്ടാമ്പി മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി/വർഗ്ഗ കുടുംബങ്ങൾ

96(2132) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഭവനരഹിതരായ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ; ഇതിൽ എത്ര പേർക്ക് സ്വന്തമായി ഭൂമിയുണ്ട്?

ഭവനരഹിതരായ 789 പട്ടികജാതി കുടുംബങ്ങളും 5 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇവരിൽ എത്രപേർ ലൈഫ് മിഷൻ പദ്ധതി മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

168 പട്ടികജാതി കുടുംബങ്ങളെയും കൊപ്പം പഞ്ചായത്തിലെ 4 പട്ടികവർഗ്ഗ കുടുംബങ്ങളെയും ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണം |
|---|---|
| കൊപ്പം | 16 |
| കുലുക്കല്ലൂർ | 13 |
| മുതുമല | 25 |
| ഓങ്ങല്ലൂർ | 37 |
| തിരുവേഗപ്പുറം | 39 |
| വല്ലപ്പുഴ | 10 |
| വിളയൂർ | 28 |
| പട്ടാമ്പി മുൻസിപ്പാലിറ്റി | 0 |
| ആകെ | 168 |

## വാത്സല്യനിധി പദ്ധതി

97(2133) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും ചേർന്ന് നടപ്പിലാക്കുന്ന വാത്സല്യനിധി പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly